(ഇ) 17-1-2003-ൽ.

(എഫ്) പ്രസ്തുത ആശുപത്രിയിലെ മറ്റു ഡോക്ടർമാർ അവധിയിൽ ആയിരുന്നതുകൊണ്ട് അദ്ദേഹത്തെ വിടുതൽ ചെയ്യാൻ ബുദ്ധിമുട്ടായതിനാൽ പ്രസ്തുത സ്ഥലത്ത് തുടരുകയായിരുന്നു. അദ്ദേഹത്തെ പിന്നീട് പ്രസ്തുത ജില്ലയിൽ തന്നെയുള്ള കോന്നി പി.എച്ച്.സി.യിലേയ്ക്ക് സ്ഥലംമാറ്റുകയും റാന്നി പെരുനാട് ആശുപത്രിയിൽ നിന്ന് വിടുതൽ ചെയ്യുകയും ചെയ്തു.

(ജി&എച്ച്) ബാധകമല്ല.

പാറശ്ശാല ഗവൺമെന്റ് ആശുപത്രി സൂപ്രണ്ടിന്റെ കൃത്യവിലോപം

107 (3867) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകമാനം പെൻഷൻ പറ്റിയ എത്ര ഡോക്ടർമാരെ വിവിധ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) പാലക്കാട്, തിരുവനന്തപുരം ജില്ലകളിലെ വിവിധ ആശുപത്രികളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ചില സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമർ റിട്ടയേർഡ് മെഡിക്കൽ ഓഫീസർമാർക്ക് അമിതമായ അധികാരങ്ങൾ വിവിധ സർക്കുലറുകൾ വഴി നൽകി ഡ്യൂട്ടി ഡോക്ടർമാരെ ആരോഗ്യ പരിപാലന രംഗത്തു നിന്നും മാറ്റി നിറുത്തി പണം പറ്റുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ആയതുമായി ബന്ധപ്പെട്ട് പാറശ്ശാലാ ഗവൺമെന്റ് ആശുപത്രി സൂപ്രണ്ടിന്റെ നം.എ/547/2003/ജി.എച്ച്.തീയതി 4-6-2003. സർക്കുലർ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കാനും ഇതിൻപ്രകാരമുള്ള സർക്കുലർ റദ്ദ് ചെയ്യുവാനും നടപടികൾ സ്വീകരിക്കുമോ ;

(ഇ) പകർച്ചവ്യാധികൾ പടരുന്ന ഈ കാലത്ത് ഗുരുതരാവസ്ഥയിലുള്ള രോഗിയെ അഡ്മിറ്റ് ചെയ്യുവാൻ ഡ്യൂട്ടി ഡോക്ടർക്ക് അനുവാദം നിഷേധിച്ച് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ച ആശുപത്രി സൂപ്രണ്ടിന്റെ നടപടി പരിശോധിച്ച് വേണ്ട ശിക്ഷാ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) പ്രസ്തുത സൂപ്രണ്ടിനെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൃത്യവിലോപത്തിന് സസ്പെന്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഈ കേസിൽ എന്തു നടപടിയ്ക്കാണ് ടിയാൻ വിധേയനായത് എന്ന് വ്യക്തമാക്കുമോ ;

(ജി) ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശം ഇല്ലാതെ ടിയാൻ വിതരണം ചെയ്ത സർക്കുലറുകൾ നൽകുവാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സൂപ്രണ്ടിനെ മാറ്റി നിർത്തി അന്വേഷണം നടത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ആശുപത്രിയിൽ എത്തുന്ന രോഗികൾ തൊട്ടടുത്ത് പ്രാക്ടീസ് ചെയ്യുന്ന റിട്ടയേർഡ് ഡോക്ടർമാർക്ക് പണം നൽകി അഡ്മിഷൻ ടിക്കറ്റു വാങ്ങി ഡ്യൂട്ടി ഡോക്ടറെ കൊണ്ട് അഡ്മിറ്റ് ചെയ്യുന്ന പ്രവണത ഒഴിവാക്കാൻ പ്രസ്തുത സൂപ്രണ്ടിന്റെ സർക്കുലറുകൾ റദ്ദാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്താകമാനം ദിവസവേതന വ്യവസ്ഥയിൽ ഏകദേശം 124 ഓളം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇതിൽ പെൻഷൻപറ്റിയവരുടെ മാത്രമായി പ്രത്യേകം കണക്ക് എടുത്തിട്ടില്ല.

(ബി). തിരുവനന്തപുരം ജില്ലയിൽ സിവിൽ സർജൻമാരുടെ 25 ഒഴിവും പാലക്കാട് ജില്ലയിൽ അസിസ്റ്റന്റ് സർജന്റെ പതിനഞ്ചും സിവിൽ സർജന്റെ പത്തും ഒഴിവുകളുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) ആശുപത്രിയിലെ തിരക്കു കാരണം രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് സുഗമമായ സൗകര്യം ചെയ്യുന്നതിന് വേണ്ടി സൂപ്രണ്ട് പുറപ്പെടുവിച്ച സർക്കുലറിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഉണ്ട്. ഒരു വർഷത്തെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് ശിക്ഷണ നടപടികൾ അവസാനിപ്പിച്ചു.

(ജി) പകർച്ചവ്യാധികൾ പടരുന്ന സാഹചര്യത്തിൽ കിടത്തി ചികിത്സിക്കുന്നതിലുള്ള തിരക്ക് ഒഴിവാക്കുവാൻ വേണ്ടിയും, സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻവേണ്ടിയുമാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചത്. എന്നാൽ ഈ സർക്കുലറിൽ അപാകതയുണ്ടെങ്കിൽ ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

(എച്ച്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കുലർ വിശദമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ നിലവാരവും പ്രതിബദ്ധതയും

108 (3868) ശ്രീ. തോമസ് ചാഴിക്കാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ മെഡിക്കൽ പ്രവേശന പരീക്ഷ ജയിച്ചു വരുന്നവരിൽ സാധാരണ ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്നവരുടെ എണ്ണം കുറവാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly